

# എറണാകുളം മിസ്സം

Vol. II. ൧൯൨൩. No. 4.

## വിഷയ വിവരം.


| | | പക്ഷം. |
|---|---|---|
| ൧. | ഇടയലേഖനം "തിരുഹൃദയം ക്ഷമയുടെ ആദർശം" | ൨-൮ |
| ൨. | വൈദികൎക്കായുള്ള മാർ യൌ. പി. പ്രൊവിഡൻറു ഫണ്ടിൻെറ രണ്ടാമത്തെ വാൎഷിക റിപ്പോൎട്ട് | ൨൩൨ |
| ൩. | ൧൯൨൨-ൽ എറണാകുളം മിസ്സത്തിൽ ഉണ്ടായിരുന്ന സ്കൂളുകളുടെ ചുരുങ്ങിയ വിവരണം | ൨൩൩ |

# എറണാകുളം മിസ്സം.

Vol. II. ൧൯൨൩. No. 4.

No. 41.

ദൈവകൃപയാലും
ശ്ലീഹാസ്ഥാപിതമായ സിംഹാസനത്തിൻെറ മനോഗുണത്താലും
എറണാകുളം വികാരി അപ്പസ്തോലിക്കായാകുന്ന

## നാം
## കണ്ടത്തിൽ ആഗുസ്തീനോസ്

ആരാദ് എന്ന ദിക്കിൻെറ മെത്രാൻ.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാൎക്കും;
അസിസ്തേന്തിമാൎക്കും, ശേഷം പട്ടക്കാൎക്കും, കൊവേന്തകളുടെ
ബ. ശ്രേഷ്ഠന്മാൎക്കും, മററു സന്യാസാന്തേവാസികൾക്കും,
വിശ്വാസികൾ എല്ലാവൎക്കും നമ്മുടെ കൎത്താവീ
ശോമ്ശിഹായിൽ സുസ്ഥിരതയും വാഴ്‌വും.

ബ. സഹോദരരെ, പ്രിയ മക്കളെ,

വി. യോഹന്നാൻ മാംദാനാ ഒരവസരത്തിൽ നമ്മുടെ കൎത്താവീശോമ്ശിഹായെ ശിഷ്യന്മാൎക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് "ദൈവത്തിൻെറ കുഞ്ഞാടിനെ കണ്ടാലും" (യോഹന്നാൻ ൧-൩൬) എന്നു പറയുകയുണ്ടായി. യോഹന്നാൻെറ ഈ മനോഹരമായ വാക്യം തിരുസഭ ദിനംപ്രതി നമ്മുടെ ഓൎമ്മയിൽ വരുത്തുന്നുണ്ട്. വിശ്വാസികൾ വിശുദ്ധ കുൎബാന കൈക്കൊള്ളുന്ന ഓരോ അവസരത്തിലും പട്ടക്കാരൻ അവരുടെ നേരെ തിരിഞ്ഞ് തിരു ഓസ്തി ഉയൎത്തിപ്പിടിച്ചുകൊണ്ട് "ദൈവത്തിൻെറ കുഞ്ഞാടിനെ കണ്ടാലും" എന്നു തുടങ്ങുന്ന ജപം ചൊല്ലുന്നു. ശ്ലീ. യോഹന്നാനും ആ വിശു

ധനെ അനുകരിച്ച് തിരുസഭയും നമ്മുടെ കൎത്താവിനെ "കുഞ്ഞാട്ട" എന്നു ഉപമാരൂപത്തിൽ വിളിക്കുന്നതിന്റെ അൎത്ഥമെന്താണ്? ആട്ട പ്രകൃത്യാ അന്യ ജന്തുക്കളെ അങ്ങോട്ടു ഉപദ്രവിക്കാത്തതും അവ ഇങ്ങോട്ടു ചെയ്യുന്ന ഉപദ്രവങ്ങളെ തടുക്കാൻ ശക്തിയില്ലാത്തതുമായ ഒരു ജന്തുവാണെല്ലോ. അതിനാൽ കുഞ്ഞാട്ട എന്ന പദം ക്ഷമാശീലത്തെ സൂചിപ്പിക്കുന്ന ഒരു രൂപകപദമായിട്ടാണ് എല്ലാ ഭാഷയിലും ഉപയോഗിക്കപ്പെട്ടുപോരുന്നതു. ഈശോ ഒരു കുഞ്ഞാടാണ് എന്നു പറയുന്നതിന്റെ അൎത്ഥം അവിടുന്നു ഏററവും ക്ഷമയുള്ള ഒരാളാണ് എന്നത്രെ. തിരുഹൃദയ ലുത്തിനിയായിൽ "അധിക കരുണയും ക്ഷമയുമുള്ള ഈശോയുടെ തിരുഹൃദയമെ" എന്നു തിരുസഭയുടെ ഉപദേശമനുസരിച്ചു ചൊല്ലുമ്പോൾ അവിടുത്തെ അളവില്ലാത്ത ക്ഷമാ ശീലത്തെ നാം വാഴ്ത്തുകയും ആ ഗുണം നമ്മിലും ഉളവാക്കണമെന്നു അപേക്ഷിക്കയും ചെയ്യുന്നു.

നമ്മുടെ കൎത്താവിന്റെ ജീവിതം ആദ്യവസാനം, ശിശുത്തൊട്ടിമുതൽ [illegible]തമണ്ഡപംവരെ ക്ഷമാശീലത്തിന്റെ എത്രയും ഉൽകൃഷ്ടമായ ഒരു സാധനപാഠമാണ്. അവിടുന്നു ഇഹത്തിൽ ഒരു കന്നുകാലിത്തൊഴുത്തിൽ പിറന്നു പരുപരുപ്പുള്ള വയ്ക്കോലിന്മേൽ കിടക്കുന്നു. ജനിച്ച് എട്ടാം ദിവസം യൂദന്മാരുടെ നിയമപ്രകാരം ഛേദനകൎമ്മം അനുഷ്ഠിച്ച് രക്തത്തുള്ളികൾ ചിന്തുന്നു. തന്നെ കൊല്ലുവാൻ പുറപ്പെട്ട ഹേറോദേശിനെ ഭയന്നു തന്റെ വളൎത്തുപിതാവിന്റെയും ദിവ്യമാതാവിന്റെയും സഹായത്താൽ മെസ്രേൻ (ഈജിപ്റ്റ്) ദേശത്തിൽ അഭയംപ്രാപിക്കുന്നു. ആ ദുഷ്ടരാജാവിന്റെ മരണശേഷം അവിടെനിന്നു മടങ്ങി നസറെത്ത് എന്ന ചെറുഗ്രാമത്തിൽ വന്നു പാൎക്കയും ഗൃഹജോലികൾ നടത്തുന്ന തന്റെ അമ്മയേയും ആശാരിപ്പണി ചെയ്യുന്ന വളൎത്തപ്പനേയും യഥാശക്തി സഹായിക്കയും ചെയ്യുന്നു. തന്റെ പരസ്യ ജീവിതകാലത്തിൽ ജനങ്ങൾക്കു ഉപദേശം നൽകുന്നതിലും രോഗികളെ സൌഖ്യപ്പെടുത്തുന്നതിലും അവിടുന്നു രാപ്പകൽ ഇളവില്ലാതെ ബുദ്ധിമുട്ടുന്നു. അവിടുന്നു ശിഷ്യന്മാരൊരുമിച്ച് ഒരിക്കൽ സമരിയാ നാട്ടിൽകൂടി യാത്രചെയ്യുമ്പോൾ ആ ദേശവാസികൾ അവിടുത്തെ സ്വീകരിക്കായ്ക കൊണ്ട് "കൎത്താവെ നമുക്കു ആകാശത്തിൽനിന്നു അഗ്നി വൎഷിപ്പിച്ച് ഇവരെ ഭസ്മമാക്കുന്നതിനു അവിടുത്തേയ്ക്കു തിരുവുള്ളമുണ്ടാകുമോ" എന്നു വി. യാക്കോബും യോഹന്നാനും ചോദിക്കയുണ്ടായി. "നിങ്ങൾ ഏതു മനസ്ഥിതിയുള്ളവരാണെന്നു നിങ്ങൾ അറിയുന്നില്ല" എന്നു മറുപടിപറഞ്ഞു കൎത്താവു അവരെ കുററപ്പെടുത്തി. (ലൂക്കാ ൯-൫൪,൫൫) തന്റെ ശിഷ്യന്മാരോടുകൂടിയുള്ള നടപടികളിൽ അവിടുന്നു പ്രദൎശിപ്പിച്ച ക്ഷമ അത്യ

തകർംതന്നെ. അവരുടെ സകല കുററങ്ങൾക്കും മാപ്പു നൽകിയതുകൂടാതെ അവരുടെ കാൽ കഴുകുക കൂടെ ചെയ്തു. യൂദസ്കറിയോത്തായോടുള്ള അവിടുത്തെ പെരുമാററം ക്ഷമയുടെ എത്രയും ഉൽകൃഷ്ടമായ ദൃഷ്ടാന്തമല്ലയൊ? ഇതിനെക്കുറിച്ചു വേദപാരംഗതനായ വി. സിപ്രിയാനോസ് എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്. "അവിടുന്നു യൂദാസിൻെറ നന്ദിയില്ലായ്മയെ സുദീർഘമായ ക്ഷമയോടുകൂടി അവസാനംവരെ സഹിക്കയും, തനിക്കു ശത്രുവായിരുന്ന അവനൊരുമിച്ചു ഭക്ഷണം കഴിക്കയും, അവൻ ഒരുമിച്ചുതന്നെ ഉണ്ടായിരുന്നിട്ടും അവൻെറ ദുഷ്ട ആലോചനയെ വെളിപ്പെടുത്താതിരിക്കയും, ആ സ്വാമിദ്രോഹിയുടെ ചുംബനം സ്വീകരിക്കയുംചെയ്തു. കർത്താവിൻെറ ക്ഷമ അത്യുച്ചത്തിൽ എത്തിയതു തൻെറ പീഡാനുഭവാവസരത്തിലാണ്. ഏശയ്യാ ദീർഘദർശി പറഞ്ഞിട്ടുള്ളതുപോലെ "കൊലപ്പെടുത്താനുള്ള ഒരാട് എന്നവിധം അവിടുന്നു പിടിച്ചുകൊണ്ടുപോകപ്പെടുകയും ഒരു കുഞ്ഞാടു അതിനെ വധിക്കുന്നവൻെറ മുമ്പിൽ എന്നപോലെ നിശ്ശബ്ദനായി വായ് തുറക്കാതിരിക്കയും ചെയ്തു." (ഏശയ്യാ ൫൩—൭) ശത്രുക്കൾ കർത്താവിനെ പിടിച്ച് ബന്ധിക്കയും; തുപ്പുകയും, ചമ്മട്ടികൊണ്ടടിക്കയും, മുൾമുടിധരിപ്പിച്ച് പരിഹാസപാത്രമാക്കുകയും, മരണശിക്ഷയ്ക്കു വിധിക്കയും, കുരിശിൽതറച്ചു കൊല്ലുകയും ചെയ്തു. അവിടുന്നു ഈ പീഡാനുഭവത്തിൽ പ്രദർശിപ്പിച്ചതിനോളം ഉൽകൃഷ്ടവും അത്ഭുതകരവുമായ ക്ഷമ നമുക്കു ഊഹിപ്പാൻപോലും സാധിക്കുമോ? ഈശോയുടെ തിരുഹൃദയം ക്ഷമാശീലത്തിൻെറ ഇരിപ്പിടവും ആദർശവുമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഇഹലോകം മനുഷ്യർക്കു ക്ഷമ അഭ്യസിക്കുവാനുള്ള ഒരു കളരിയാണെന്നും, മനുഷ്യജീവിതംക്ഷമയുടെ ഇടവിടാതെയുള്ള പരിശീലനമാണെന്നും പറയാം. മനുഷ്യനു ഇഹത്തിൽ ക്ഷമ അത്രയ്ക്കു അത്യാവശ്യകമാണ്. തൻെറ ശരിയായ ഗുണാഭിവൃദ്ധിക്കു വിരോധമായി പ്രവർത്തിക്കുന്ന ശക്തികൾ അവൻെറ ഉള്ളിലും വെളിയിലും ധാരാളമുണ്ട്. നന്മചെയ്യാനും തിന്മഉപേക്ഷിപ്പാനും തുടങ്ങുമ്പോൾ അവനു അനേക തടസ്സങ്ങൾ നേരിടുന്നു. അവയെ വഴിപോലെ നീക്കുകയും ജീവിതഗതിയെ നേരായമാർഗ്ഗത്തിൽ കൂടി നയിക്കുകയും ചെയ്യണമെങ്കിൽ ക്ഷമാശീലം കൂടിയേ കഴിയൂ. കുടുംബത്തിലും സമുദായത്തിലും സമാധാനപൂർവ്വം സന്തോഷസമേതവും ജീവിക്കുവാൻ ക്ഷമയില്ലാത്തവർക്കു സാധിക്കുന്നതല്ല. അടുത്തവരിലും അകന്നവരിലും, ബന്ധുക്കളിലും ശത്രുക്കളിലും, പലതരം സ്വഭാവത്തോടും പലവിധ ആശയങ്ങളോടും കൂടിയവർ ഒട്ടും കുറവല്ലല്ലോ. അവരുമായി സഹവസിക്കയും കാ

ൎയ്യങ്ങളിൽ ഇടപെടുകയും ചെയ്യുമ്പോൾ നമ്മുടെ ഹിതത്തിനും ആശയത്തിനും വിരുദ്ധമായി പലതും സംഭവിക്കാറുണ്ട്. അവയെ നാം ക്ഷമാപൂൎവ്വം സഹിക്കാത്തപക്ഷം കുടുംബത്തിലും സമുദായത്തിലുമുള്ള നമ്മുടെ ജീവിതം നമുക്കും അന്യന്മാൎക്കും അത്യന്തം ദുസ്സഹമായിരിക്കും. കൂടാതെ ധനനഷ്ടം, മാനഹാനി, രോഗബാധ, ശത്രുജനം മുതലായവയാൽ ഉണ്ടാകുന്ന ചെറിയതും വലിയതുമായ വിപത്തുകളും ഇഹത്തിൽ അത്ര അപൂൎവ്വമല്ല. ആ വിപത്തുകളെയും ക്ഷമയോടുകൂടി സ്വീകരിക്കാഞ്ഞാൽ നാം മനസ്സിടിഞ്ഞു ഇടവിടാതെ ദുഃഖത്തിൽപെട്ടു വലയാൻ സംഗതിവരും. ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ജീവിതത്തിൽ ദിനംതോറും, എന്നുവേണ്ട, നാഴികതോറും നമ്മുടെ ക്ഷമയെ പരീക്ഷിക്കുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നു തീൎച്ചതന്നെ. അതുകളിലെല്ലാം നമ്മൾ സ്ഥിരതയോടും ശക്തിയോടുംകൂടി ക്ഷമ പ്രദൎശിപ്പിപ്പാൻ നിൎബ്ബന്ധരായിരിക്കുന്നു.

എന്നാൽ മററു പുണ്യങ്ങൾക്കെന്നപോലെ ക്ഷമയുടെ കാൎയ്യത്തിലും നമ്മുടെകൎത്താവീശോമ്ശിഹാ തന്നെയാണ് നമുക്കു ഉപദേഷ്ടാവും മാതൃകയും. നമ്മൾ ക്ഷമയുള്ളവരായിരിക്കണമെന്നു അവിടുന്നു ഉപദേശിക്ക മാത്രമല്ല, അതു് അഭ്യസിക്കേണ്ടവിധം എങ്ങിനെയെന്നു് തൻെറ ജീവിതത്തിലെ നടപടികളാൽ കാണിച്ചുതരികയും ചെയ്തിട്ടുണ്ടു. "നിങ്ങൾ എന്നെ കണ്ടുപഠിക്കുക" എന്നു് ആ തിരുഹൃദയം നമ്മോടു പറയുന്നു. "ഈശോയുടെ തിരുഹൃദയമെ, എൻെറ ഹൃദയം അങ്ങേ ഹൃദയത്തിനൊത്തതാക്കിയരുളണമെ" എന്നു് നമ്മൾ ഇടവിടാതെ അപേക്ഷിക്കുന്നു. തൻെറ ബന്ധുക്കളിൽനിന്നും ശത്രുക്കളിൽനിന്നും തനിക്കു നേരിട്ട ഉപദ്രവങ്ങളും നന്ദികേടും ഈശോയുടെ തിരുഹൃദയം ക്ഷമാപൂൎവ്വം സഹിച്ചതുപോലെ മററാളുകൾ നമ്മോടു ചെയ്യുന്ന ഉപദ്രവങ്ങളെ നമ്മളും ക്ഷമിക്കേണ്ടിയിരിക്കുന്നു. നമ്മൾ ക്ഷമയില്ലാത്തവരായിതീൎന്നാൽ ക്ഷമയുടെ ഇരിപ്പിടവും ആദൎശവുമായ തിരുഹൃദയത്തോടു നമുക്കു യഥാൎത്ഥഭക്തിയുണ്ടെന്നു എങ്ങിനെ പറവാൻ കഴിയും? അവിടുന്നു തൻെറ ജീവിതത്തിൽ ഏതേതുസംഗതികളിൽ ഏതെല്ലാം പ്രകാരത്തിൽ ക്ഷമ അഭ്യസിച്ചു എന്നു മനസ്സിലാക്കുകയും നമ്മുടെ ജീവിതത്തിൽ അതുപോലെയുള്ള സംഗതികളിലും അതേപ്രകാരത്തിലും നമ്മാൽ കഴിയുന്നവിധം ക്ഷമ അഭ്യസിക്കയും ചെയ്തെങ്കിൽമാത്രമെ നാം സാക്ഷാൽ തിരുഹൃദയഭക്തന്മാരാകയുള്ളു. അതിനാൽ, ബ. സഹോദരരെ, പ്രിയ മക്കളെ, കൎത്താവിൻെറ തിരുഹൃദയം എല്ലായ്പോഴും നിങ്ങളുടെ ധ്യാനവിഷയമായിരിക്കട്ടെ. എന്നാൽ അവിടുത്തെ ബഹുമാനത്തിനായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ വരുന്ന ജൂൺമാസത്തിൽ തിരുഹൃദയത്തേയും

അവിടുന്നഭ്യസിച്ച പുണ്യങ്ങളേയും നല്ലവണ്ണം ധ്യാനിക്കുവിൻ. 'വണക്കമാസം' എന്ന പുസ്തകത്തിൽ ഒരോദിവസവും വായിക്കുന്ന സംഗതികളെക്കുറിച്ചു് നിങ്ങൾ മനസ്സിരുത്തി ചിന്തിക്കുവിൻ. അതിൽനിന്നു ഗ്രഹിക്കുന്ന പാഠമനുസരിച്ചു നിങ്ങൾ ജീവിതത്തെ ക്രമപ്പെടുത്തുവിൻ. ഇപ്രകാരം ചെയ്യുന്നപക്ഷം നിങ്ങൾ തിരുഹൃദയത്തെ പ്രസാദിപ്പിക്കുകയും അവിടുത്തെ അനുഗ്രഹങ്ങൾ ധാരാളം കൈക്കൊള്ളുകയും നിങ്ങളുടെ ഹൃദയം 'തിരു ഹൃദയത്തിനൊത്തതായിതീരുകയും' ചെയ്യും. തിരുഹൃദയഭക്തി വിശേഷവിധിയായി മാസത്തിന്റെ ആദ്യവെള്ളിയാഴ്ചതോറുമുള്ള ശ്രു. കുർബാന കൈക്കൊള്ളലാൽ എല്ലാ ഇടവകകളിലും മേല്ക്കുമേൽ പരത്തുന്നതിനും, പ്രത്യേകിച്ചു് കുടുംബങ്ങളെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്നകാര്യത്തിൽ ജനങ്ങളെ ശക്തിയായി ഉത്സാഹിപ്പിക്കുന്നതിനും ബ. വികാരിമാരും മററു പട്ടക്കാരും എപ്പോഴും ശ്രദ്ധയുള്ളവരായിരിക്കണമെന്നു് ഓർപ്പിച്ചുകൊണ്ടു് നാം പിതാവിനടുത്ത ആശീർവാദം നിങ്ങൾക്കെല്ലാവർക്കും നൽകുന്നു.

എന്നു എറണാകുളത്തുനിന്നും,

൧൯൨൦ മേയ് ൧൦-ാംനു

എറണാകുളം വികാരി അപ്പസ്തോലിക്ക,

കണ്ടത്തിൽ ആഗ്ഗസ്തീനോസ്സ് മെത്രാൻ.

[illegible] ✠

[illegible]

വൈദികർക്കായുള്ള

# മാർ യൌസേപ്പു പിതാവിന്റെ

## പ്രോവിഡൻറു ഫണ്ടിന്റെ രണ്ടാമത്തെ വാർഷിക റിപ്പോർട്ടു്.

കഴിഞ്ഞ വർഷത്തിലെ റിപ്പോർട്ടിന്റെ അവസാനത്തിൽ "ഫണ്ടിന്റെ ഭാവി തൃപ്തികരമായിരിക്കുമെന്നു അനുമാനിക്കുവാൻ ധാരാളം കാരണമുണ്ടെന്നു" എഴുതിയിരുന്നല്ലൊ. ഈ അനുമാനമാകട്ടെ അസ്ഥാനത്തിലായിട്ടില്ലെന്നു ഇക്കൊല്ലത്തെ വരവുചിലവു റിപ്പോർട്ടുകൊണ്ടു കാണാവുന്നതാണു്.

൧൯൨൨-ാമാണ്ടു് സെപ്റ്റംപർമാസത്തിൽ എറണാകുളത്തു് അരമനയിൽവച്ചു ധ്യാനാവസരത്തിൽക്കൂടിയ അംഗങ്ങളുടെ പൊതുയോഗത്തിൽവച്ചു് ഫണ്ടിൻെറ ഒരു നിയമത്തെ താഴെപറയുംപ്രകാരം ഭേദപ്പെടുത്തുകയുണ്ടായി. "(a) ബി. ക്ലാസിൽനിന്നു എ. ക്ലാസിലേക്കു ഒരുത്തൻ മാറണമെന്നു ആഗ്രഹിക്കുന്നതായാൽ, മേലാൽ എ. ക്ലാസിലെ വരിപ്പണം കൊടുത്താൽ മതിയാകുന്നതാണു്. പക്ഷെ അദ്ദേഹത്തിനു് എ. ക്ലാസിലെ അവകാശങ്ങൾ മാത്രമെ ഉണ്ടായിരിക്കയുള്ളൂ.

(b) എ. ക്ലാസിൽനിന്നു് ബി. ക്ലാസിലെക്കു ഒരു വഷത്തിനകം മാറുന്നതായാൽ പ്രവേശന ഫീസുവകയിലും വരിസംഖ്യയിലുമായി കൂടുതൽ കൊടുക്കേണ്ട സംഖ്യയുടെ പലിശ കൊടുപ്പാൻ ആവശ്യമില്ല."

൧. ഫണ്ടിൻെറ മൂലധനവദ്ധനവു് ഏതൽ പയ്യന്തമുള്ള മൂലധനത്തിൻെറ പലിശയേയും, അംഗങ്ങളുടെ പ്രതിമാസമുള്ള വരിപ്പണത്തെയും ആശ്രയിച്ചാണല്ലൊ ഇരിക്കുന്നതു്.

ഫണ്ടിൻെറ പണം സാധാരണയായി പള്ളികൾക്കമാത്രമെ പലിശയ്ക്കു കൊടുക്കുന്നുള്ളൂ. അതുകൊണ്ടു് പലിശ ചുരുങ്ങിയാലും തീച്ചയായും മുതലും പലിശയും കിട്ടുമെന്നുള്ള ഉറപ്പുണ്ടു്. അതിനാൽ ഭൂശ്ശങ്കകൾക്കും നഷ്ടത്തിനും വഴിയില്ല. എന്നാൽ വരിപ്പണമാകട്ടെ നാലു ഗഡുവുകളിലായി കൊടുക്കണമെന്നാണല്ലൊ നിയമം. ചിലർ അങ്ങനെ ചെയ്യാതെ വഷാവസാനത്തിൽ ഒന്നായി തരുന്നു. ഇതുകൊണ്ടു ഈ വരിപ്പണത്തിനു കിട്ടേണ്ടതായ പലിശ ഫണ്ടിനു നഷ്ടപ്പെടുന്നു. നമ്മുടെ പൊതു സ്വത്തായിരിക്കുന്ന ഫണ്ടിനു അംഗങ്ങൾ വഴിയായി അല്പമായ നഷ്ടംപോലും ഇടവരുത്തരുതെന്നു പ്രത്യേകം അപേക്ഷയുണ്ടു.

൨. കഴിഞ്ഞവഷത്തെ മൂലധനത്തിൻെറ ഏകദേശം ഇരട്ടിയായി ഇക്കൊല്ലം ധനം വദ്ധിച്ചിട്ടുണ്ടെന്നുള്ളതു സന്തോഷാവഹംതന്നെ. എന്നാൽ ൧൯൨൩-ാമാണ്ടും അവസാനിക്കുമ്പോൾ ഫണ്ടിനു പ്രത്യേക ഉത്തരവാദിത്വം കൂടി, വേണ്ടിവന്നാൽ, നിവ്വഹിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഒരു തക്ക സംഖ്യ ഇനി ആറുമാസത്തിനകം മൂലധനമായി നിക്ഷേപിക്കേണ്ടതായിട്ടുണ്ടു്. കൂടാതെ ൧൯൨൩-ാമാണ്ടത്തെ വാഷികറിപ്പോട്ടു ഈ ഡിസംബർമാസാവസാനത്തോടുകൂടിത്തന്നെ അംഗങ്ങളെ ഗ്രഹിപ്പിക്കേണമെന്നു വിചാരിക്കുന്നതുകൊണ്ടു് ൧൯൨൩-ാമാണ്ടത്തെ വരിപ്പണം കഴിയുന്നവേഗം ഖജാൻജിക്കു അയച്ചുകൊടുക്കണമെന്നപേക്ഷ.

൩. എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിൽ നിന്നു നമ്മുടെ ഫണ്ടിനോടുള്ള പ്രതിപത്തിയുടെ അടയാളമായി ൧൦൦രൂപാ ഇക്കൊല്ലവും

സംഭാവന ചെയ്തിരിക്കുന്നു. സംഘാംഗംങ്ങൾക്കു അവിടുത്തെ നേർക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തുന്നതോടുകൂടിത്തന്നെ അവിടുത്തെ അനുഗ്രഹത്തെ അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

൪. ഈ ഡിസംബർ മാസത്തിനു മുമ്പായി ഫണ്ടിൻെറ ശാശ്വത നിയമങ്ങളെയും മേൽനടത്തിപ്പിനെയും കുറിച്ചാലോചിക്കുന്നതിനു ഒരു പൊതുയോഗം കൂടണമെന്നു വിചാരിക്കുന്നു.

൫. മാർ യൌസേപ്പുപിതാവിൻെറ നാമത്തിൽ തുടങ്ങിയിരിക്കുന്ന നമ്മുടെ ഫണ്ടു അഭിവൃദ്ധിയിൽ വരുന്നതിനാൽ ആ പിതാവിനെ സ്തുതിക്കയും അതിൻെറ ഉദ്ദേശത്തെ സാധിക്കാൻ ഇടവരുത്തണമെന്നു ആ പുണ്യപിതാവിനോടു നമുക്കു അപേക്ഷിക്കയും ചെയ്യാം.

൧൯൨൨ ജനുവരി ൧-ാംനു മുതൽ ഡിസംബർ ൩൧-ാംനു വരെയുള്ള
വരവു ചിലവു കണക്കു.

| വരവു | ക. | ണ. | പ. |
|---|---|---|---|
| ൧. മുന്നാണ്ടു വരവു ൧൪൩ - ൩ - ൪ -ൽ | | | |
| ചിലവു ൨൨ - ൧൪ - ൯ | | | |
| പലിശ പിരിയേണ്ടതു ൧൨ - ൬ - ൭ | | | |
| പിരിയാതെ ഉപേക്ഷിച്ചതു ൨൩ - ൦ - ൦ | | | |
| നീക്കി ൧൯൨൧ അവസാനം ഇരിപ്പു | ൧൮൪ | ൧൪ | ൦ |
| ൨. ൧൯൨൨-ൽ പ്രവേശനഫീസു | | | |
| ഏ. ക്ലാസ്സു ൧൫ - ൦ - ൦ | | | |
| ബി. ക്ലാസ്സു ൭൫ - ൦ - ൦ | | | |
| വക രണ്ടിൽ | ൯൦ | ൦ | ൦ |
| ൩. വരിസംഖ്യ ഏ. ക്ലാസ്സു ൧൪൪ - ൦ - ൦ | | | |
| ബി. ക്ലാസ്സു ൫൪ - ൦ - ൦ | | | |
| വക രണ്ടിൽ | ൬൪൮ | ൦ | ൦ |
| ബി. ക്ലാസ്സു ൧ പിരിയേണ്ടതു | ൩൬ | ൦ | ൦ |
| പലിശ കഴിഞ്ഞ വഷത്തേതു ൧൨ - ൬ - ൭ | | | |
| പലിശ തന്നാണ്ടു പിരിഞ്ഞതു ൧൨ - ൧൪ - ൧ | | | |
| പിരിയേണ്ടതു ൯൮ - ൫ - ൨ | | | |
| വക മൂന്നിൽ | ൧൩൩ | ൯ | ൧൦ |
| ഏ. പെ. പെ. ബ. മെത്രാനച്ചൻ ദാനം | ൧൦൦ | ൦ | ൦ |
| ആകെ | ൯൯൭ | ൯ | ൧൦ |
| വക രണ്ടിൽ മൂലധനം | ൨൦൮൨ | ൭ | ൧൦ |

| ചിലവു | ക. | ണ. | പ. |
|---|---|---|---|
| മുക്കാൽ വീതം പലിശക്കു കൊടുത്തിട്ടുള്ളതു | ൧൬൩൨ | ൦ | ൦ |
| പലിശ പിരിയേണ്ടതു | ൯൮ | ൫ | ൨ |
| ഒരംഗത്തിൽനിന്നു വരേണ്ടതു | ൩൬ | ൦ | ൦ |
| ഖജാൻവശം | ൩൧൬ | ൨ | ൮ |
| ആകെ | ൨൦൮൨ | ൭ | ൧൦ |

എറണാകുളം,
൧൭-൫-൧൯൨൩.

സെക്രട്ടറി
പഞ്ഞിക്കാരൻ സി. യൌസേപ്പു ക.

| സ്കൂളുകൾ. | കര. | ക്ലാസ്സുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺ കുട്ടികൾ. | ക. പെൺ കുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ അണ്ടു, മാസം, തിയതി. |
|---|---|---|---|---|---|---|---|---|
| **അങ്കമാലി ഡിവിഷൻ.** | | | | | | | | |
| I. അങ്കമാലി: | | | | | | | | |
| 1. സെൻറു ജോസെഫ്സ് ഇംഗ്ലീഷ് സ്കൂൾ E. M. | അങ്കമാലി | 3 | 4 | 82 | 39 | | ഉണ്ടു | 5-10.'94 |
| 2. സെൻറു മേരീസ് V. P. സ്കൂൾ | ടി. | 6 | 6 | 219 | 128 | 53 | ടി. | 7-10-'93 |
| 3. സെൻറു ജോസെഫ്സ് V. P. സ്കൂൾ | കരയാം പറമ്പു | 2 | 2 | 66 | 26 | 20 | ടി. | 7-10-'93 |
| 4. ഇൻഫൻറു ജീസസ് സ്കൂൾ | പീച്ചാനിക്കാട്ടു | 1 | 1 | 11 | 6 | 4 | ഇല്ല | 15- 9-'21 |
| 5. സെൻറു പീറേഴ്സ് സ്കൂൾ | ആഴകം | 1 | 1 | 37 | 17 | 8 | ടി. | 1- 7-'22 |
| 6. സെൻറു ആൻറണീസ് സ്കൂൾ | ചമ്പന്നൂർ | 2 | 1 | 73 | 25 | 43 | ടി. | 7- 1-'89 |
| II. അകപ്പറമ്പു: | | | | | | | | |
| III. എളൂർ: | എളൂർ | 1 | 1 | 18 | 11 | 7 | ടി. | 1. 6-'22 |
| IV. കറുകുററി: | | | | | | | | |
| 1. തെക്കേക്കര V. P. സ്കൂൾ | കറുകുററി | 3 | 3 | 88 | 61 | 1 | ഉണ്ടു | 25- 1-'80 |
| 2. സെൻറു ജോസെഫ്സ് V. P. സ്കൂൾ | കറുകുററി വടക്കെക്കര | 2 | 2 | 54 | 28 | 17 | ടി. | 9-10-'91 |
| 3. സെൻറുജോസെഫ്സ് ഗാൾസ്സ്കൂൾ | കറുകുററി | 5 | 7 | 137 | 23 | 105 | ടി. | 1- 6-'85 |

| സ്കൂളുകൾ. | കര. | ക്ലാസ്സുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ | അംഗീകാരമുണ്ടോ? | സ്കൂൾ തുടങ്ങിയ കൊല്ലം മാസം, തീയതി. |
|---|---|---|---|---|---|---|---|---|
| 4. സെൻറു ജോസെഫ്സ് ഇംഗ്ലീഷ് ഗാൎൽസ് E. M. സ്കൂൾ | കറുകററി | 2 | 4 | 41 | ഇല്ല | 41 | ഉണ്ടു | 10-10-'96 |
| 5. മരങ്ങാടൻെറ സ്കൂൾ | ടി. | 1 | 1 | 15 | 10 | 5 | ഇല്ല | |
| 6. പന്തക്കൽ ഇ. സ്കൂൾ | ടി. | 1 | 1 | 12 | 9 | 3 | ടി. | |
| 7. അഞ്ചാലിക്കാ സ്കൂൾ | ടി. | 1 | 1 | 16 | 11 | 5 | ടി. | |
| 8. തോട്ടകത്തിൻെറ സ്കൂൾ | ടി. | 1 | 1 | 11 | 7 | 4 | ടി. | |
| V. കാട്ടകുററി: | | | | | | | | |
| സെൻറു അഗസ്റ്റിൻസ് പ്രൈമറിസ്കൂൾ | കാട്ടകുററി അന്നനാട | 6 | 8 | 178 | 96 | 48 | ഉണ്ടു | 1- 1-'93 |
| VI. കിടങ്ങൂർ: | | | | | | | | |
| 1. ഇൻഫൻറുജീസസ് V. P. സ്കൂൾ | കിടങ്ങൂർ | 3 | 3 | 91 | 46 | 25 | ടി. | 16-10-93 |
| 2. സെൻറു മേരീസ് V. P. സ്കൂൾ | ടി. | 1 | 1 | 24 | 12 | 12 | ഇല്ല | |
| VII. കൊരട്ടി: | | | | | | | | |
| 1. ചൎച്ച് സ്കൂൾ | കൊരട്ടി | 6 | 7 | 198 | 118 | 45 | ഉണ്ടു | 1- 1-'69 |
| 2. സെൻറുസ്റ്റനിസ്ലാവോസ് V. P. സ്കൂൾ | കിഴക്കെ കൊരട്ടി | 6 | 6 | 198 | 77 | 56 | ടി. | 1-11-'92 |
| 3. സെൻറു മേരീസ് V. P. സ്കൂൾ | ടി. | 3 | 3 | 92 | 52 | 36 | ടി. | 1 11-'83 |
| 4. സെൻറു ജോസെഫ്സ് V. P. സ്കൂൾ | മറിങ്ങൂർ | 4 | 4 | 129 | 49 | 47 | ടി. | 1-11-'82 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. സെൻറു മേരീസ് സ്കൂൾ | മാമ്പ്ര | 2 | 2 | 63 | 42 | 13 | ഇല്ല | |
| 6. കായിക്കോടം സ്കൂൾ | കായിക്കോടം | 1 | 1 | 17 | 12 | 3 | ടി | 1- 2-'13 |
| 7. വാളൂരു സ്കൂൾ | വാളൂരു | 1 | 1 | 20 | 13 | 3 | ടി | 2- 1-'16 |
| 8. കോന്നൂരു സ്കൂൾ | കോന്നൂരു | 1 | 1 | 18 | 10 | 4 | ടി. | 3- 4-'18 |
| **VIII. തൊറൂർ:** | | | | | | | | |
| 1. സെൻറു അഗസ്റ്റിൻസ് V. P. സ്കൂൾ | തൊറൂർ | 4 | 4 | 141 | 75 | 44 | ഉണ്ടു | 1- 6-'96 |
| 2. സെൻറു മേരീസ് സ്കൂൾ | തൊറൂർ വടക്കെക്കര | 1 | 1 | 56 | 31 | 22 | ഇല്ല | 1897 |
| 3. സെൻറു ജോസെഫ്സ് സ്കൂൾ | തൊറൂർ | 1 | 1 | | | | ടി. | 1850 |
| **IX. മഞ്ഞപ്ര:** | | | | | | | | |
| 1. തിരുഹൃദയ സ്കൂൾ | മഞ്ഞപ്ര | 2 | 2 | 73 | 37 | 34 | ടി. | |
| 2. സെൻറു ജോസെഫ്സ് V. P. സ്കൂൾ | തവളപ്പാറ | 3 | 4 | 88 | 42 | 32 | ഉണ്ടു | |
| 3. സെൻറു സെബാസ്ത്യൻ സ്കൂൾ | നടുമുറി | 1 | 1 | 61 | 32 | 29 | ഇല്ല | |
| 4. സെൻറു മേരീസ് സ്കൂൾ | നടുവട്ടം | 1 | 1 | 30 | 12 | 8 | ടി. | |
| 5. സെൻറു മേരീസ് സ്കൂൾ | നടുവട്ടം കിഴക്കെക്കര | 1 | 1 | 28 | 13 | 11 | ടി. | |
| 6. സെൻറു ആൻറണീസ് സ്കൂൾ | കില്ലക്കൻകുടി | 1 | 1 | 15 | 8 | 7 | ടി. | |
| 7. സെൻറു ജോർജ്ജ് സ്കൂൾ | വടക്കേപ്പുറത്താൻകുടി | 1 | 1 | 20 | 10 | 7 | ടി. | |
| 8. സെൻറു പീറ്റേഴ്സ് സ്കൂൾ | മഞ്ഞാൻകുടി | 1 | 1 | 22 | 8 | 11 | ടി. | |
| **X. മൂക്കന്നൂർ:** | | | | | | | | |
| 1. സെൻറു മേരീസ് സ്കൂൾ | മൂക്കന്നൂർ | 1 | 1 | 47 | 21 | 24 | ടി. | 16- 6-'83 |
| 2. സെൻറു ആൻറണീസ് സ്കൂൾ | ടി | 1 | 1 | 53 | 34 | 15 | ടി. | 30 1-'22 |
| 3. മൂക്കന്നൂർ സ്കൂൾ | ടി. | 1 | 1 | 35 | 14 | 10 | ടി. | 6- 2-'22 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ കൊല്ലം മാസം തീയതി. |
|---|---|---|---|---|---|---|---|---|
| XI. മുഴിക്കുളം: | | | | | | | | |
| 1. സെൻറു മേരീസ് വി. എം. സ്കൂൾ | കണ്ണൻകുഴിശ്ശേരി | 6 | 7 | 197 | 104 | 47 | ഉണ്ടു | 9- 6-'91 |
| 2. സെൻറു ഫ്രാൻസീസ് V. P. സ്കൂൾ | പുളിയനം | 2 | 2 | 73 | 20 | 19 | ടി. | 9- 6 '91 |
| 3. സെൻറു ജോർജ്ജ് സ്കൂൾ | എളവൂർ | 1 | 1 | 100 | 54 | 42 | ഇല്ല | 9- 6-'91 |
| 4. സെൻറു മേരീസ് സ്കൂൾ | മള്ളുശ്ശേരി | 1 | 1 | 106 | 55 | 51 | ടി. | 1085 |
| 5. സെൻറു അഗസ്റ്റിൻസ് സ്കൂൾ | കറിപ്പാശ്ശേരി | 1 | 1 | 82 | 42 | 37 | ടി. | 1085 |
| 6. സെൻറു ജോസെഫ്സ് സ്കൂൾ | കോട്ടശ്ശേരി | 1 | 1 | 95 | 48 | 44 | ടി. | 1085 |
| XII. മേലൂർ: | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. സ്കൂൾ | മേലൂർ | 6 | 7 | 186 | 62 | 55 | ഉണ്ടു | 17- 1-'72 |
| 2. ഇൻഫൻറു ജീസസ് സ്കൂൾ | ടി. | 1 | 1 | 51 | 30 | 21 | ഇല്ല | 1- 7-'14 |
| 3. സെൻറു തോമസ് സ്കൂൾ | ടി. | 1 | 1 | 37 | 20 | 13 | ടി. | 2-11-'20 |
| **ആരക്കുഴ ഡിവിഷൻ.** | | | | | | | | |
| I. ആരക്കുഴ: | | | | | | | | |
| 1. സെൻറു മേരീസ് സ്കൂൾ | ആരക്കുഴ | 6 | 6 | 206 | 167 | ഇല്ല | ഉണ്ടു | 15-11-'91 |
| 2. സെൻറു ജോസെഫ്സ് സ്കൂൾ | പണ്ടപ്പള്ളി | 1 | 1 | 22 | 7 | 5 | ഇല്ല | 15- 9-'96 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3. സെൻറു ആൻറണീസ് സ്കൂൾ | ആരക്കുഴ | 1 | 1 | 42 | 20 | 17 | ഇല്ല | 30-10-'97 |
| 4. സെൻറു മാർക്ക്സ് സ്കൂൾ | ടി. | 1 | 1 | 27 | 9 | 10 | ടി. | 16 3 '97 |
| 5. സെൻറു മാത്യൂസ് സ്കൂൾ | ടി. | 1 | 1 | 9 | 5 | 1 | ടി. | 15-11-'97 |
| 6. സെൻറു തോമസ് സ്കൂൾ | ടി. | 1 | 1 | 44 | 12 | 25 | ടി. | 1- 6-'97 |
| II. ആയവന: | | | | | | | | |
| സാക്രറ് ഹാർട്ട്സ് വി. സ്കൂൾ | ഏനാനെല്ലൂർ | 3 | 3 | 117 | 61 | 33 | ഉണ്ട | 13- 3-'93 |
| III. കല്ലൂർക്കാട്: | | | | | | | | |
| 1. സെൻറു അഗസ്റ്റിൻസ് V. P. സ്കൂൾ | കല്ലൂർക്കാട് | 4 | 4 | 180 | 112 | 59 | ടി. | 7-10-'80 |
| 2. സെൻറു മേരീസ് സ്കൂൾ | മഞ്ഞള്ളൂർ | 1 | 1 | 34 | 14 | 7 | ഇല്ല | 6-10-'95 |
| 3. സെൻറു ജോസെഫ്സ് സ്കൂൾ | തഴുവൻകുന്നം | 1 | 1 | 24 | 14 | 9 | ടി. | 15- 9-'97 |
| 4. സെൻറു ജോർജ്ജ് സ്കൂൾ | ടി. | 1 | 1 | 28 | 16 | 10 | ടി. | 10-10-'97 |
| 5. സാക്രറ് ഹാർട്ട്സ് സ്കൂൾ | കല്ലൂർക്കാട് | 1 | 1 | 35 | 20 | 8 | ടി. | 1- 6-'97 |
| IV. കാരക്കുന്നം: | | | | | | | | |
| സെൻറു മേരീസ് V. P. സ്കൂൾ | വാഴപ്പിള്ളി | 2 | 2 | 57 | 15 | 5 | ഉണ്ട | 1-11-'95 |
| V. കോതമംഗലം: | | | | | | | | |
| 1. കുടിയാറു സ്കൂൾ | കോതമംഗലം | 1 | 1 | 9 | 4 | 3 | ഇല്ല | |
| 2. വേലന്താവുകുടി സ്കൂൾ | ടി. | 1 | 1 | 31 | 5 | 10 | ടി. | |
| 3. ചെന്നക്കാടൻ സ്കൂൾ | ടി. | 1 | 1 | 8 | 6 | 2 | ടി. | |
| VI. തോട്ടക്കര: | | | | | | | | |
| 1. സെൻറു ജോർജ്ജ് V. P. സ്കൂൾ | തോട്ടക്കര | 3 | 3 | 128 | 67 | 28 | ഉണ്ട | 7-11-'96 |
| 2. സെൻറു ജോസെഫ്സ് സ്കൂൾ | മണക്കാട്ട | 1 | 1 | 25 | 7 | 7 | ഇല്ല | 3- 4-'96 |

| സ്കൂളുകൾ. | കര. | ക്ലാസ്സുകൾ. | അദ്ധ്യാപകർ | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകരണമുണ്ടോ? | സ്ക്കൂൾ തുടങ്ങിയ ആണ്ട, മാസം, തീയ്യതി. |
|---|---|---|---|---|---|---|---|---|
| VII. പെരിങ്ങൊഴ: | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. സ്കൂൾ | ആരക്കുഴ | 5 | 5 | 190 | 107 | 63 | ഉണ്ടു | 1-11-'91 |
| 2. സെൻറു ആൻറണീസ് V. P. സ്കൂൾ | ആനിക്കാട്ടു | 2 | 2 | 94 | 36 | 30 | ഡി. | 1-11-'97 |
| VIII. പോത്താനിക്കാട്ടു: | | | | | | | | |
| സെൻറു ഫ്രാൻസീസ് സേവിയേഴ്സ് സ്കൂൾ | പുളിന്താനം | 1 | 1 | 36 | 11 | 15 | ഇല്ല | 1910 |
| IX. എനാനല്ലൂർ: | | | | | | | | |
| 1. നീറമ്പുഴ V. P. സ്കൂൾ | മഞ്ഞള്ളൂർകുമാരമംഗലം | 4 | 4 | 104 | 61 | 34 | ഉണ്ടു | 10-11-'88 |
| 2. വി. ലൂയിസ് സ്കൂൾ | നീറമ്പുഴ മുറി | 1 | 1 | 12 | 5 | 3 | ഇല്ല | 17-12-'22 |
| 3. വി. ആൻറണീസ് സ്കൂൾ | മഞ്ഞള്ളൂർ | 1 | 1 | 26 | 11 | 6 | ഡി. | 10- 8-'96 |
| X. മാറിക: | | | | | | | | |
| 1. സെൻറു മേരീസ് V. P. സ്കൂൾ | മാറിക | 4 | 4 | 162 | 88 | 31 | ഉണ്ടു | 1- 7-'93 |
| 2. സെൻറു ജോസെഫ്സ് സ്കൂൾ | വേങ്ങല്ലൂർ | 2 | 1 | 32 | 15 | 9 | ഇല്ല | ഒക്ടോബർ 1920 |
| 3. സെൻറു മേരീസ് സ്കൂൾ | നെടിയശാല | 1 | 1 | 15 | 7 | 6 | ഡി. | മാർച്ച 1921 |
| XI. മൂവാററുപുഴ: | | | | | | | | |
| സെൻറു തോമസ് മിഷ്യൻ സ്കൂൾ | മാറാടി | 2 | 1 | 42 | 22 | 15 | ഡി. | 1-1-1917 |

| | | | | | | | |
|---|---|---|---|---|---|---|---|
| **XII. വാഴക്കുളം:** | | | | | | | |
| 1. സെൻറു തോമസ് V. P. സ്കൂൾ | കുമാരമംഗലം | 8 | 8 | 321 | 170 | 82 | ഉണ്ടു | 17-10 '92 |
| 2. സെൻറു തോമസ് V. P. സ്കൂൾ | മുടപ്പന്നൂർ | 3 | 3 | 146 | 78 | 57 | ടി. | 22-10-'93 |
| 3. കോച്ചാപ്പിള്ളിൽ സ്കൂൾ | കുമാരമംഗലം | 1 | 1 | 59 | 34 | 16 | ഇല്ല | 24-10-'96 |
| 4. മരിക്കമാക്കൽ സ്കൂൾ | മഞ്ഞള്ളൂർ | 1 | 1 | 35 | 6 | 5 | ടി. | 10- 6-'97 |
| 5. മടക്കന്താനത്തു സ്കൂൾ | മടക്കന്താനം | 1 | 1 | 35 | 15 | 11 | ടി. | 16-10-'97 |
| 6. നെട്ടഞ്ചാട്ടിൽ സ്കൂൾ | ആവോലി | 1 | 1 | 9 | 6 | 2 | ടി. | 19-10-'92 |
| 7. തകപ്പിള്ളി സ്കൂൾ | മഞ്ഞള്ളൂർ | 1 | 1 | 7 | 2 | 5 | ടി. | 19-10-'97 |
| 8. കാവനക്കടി സ്കൂൾ | കാവന | 1 | 1 | 10 | 6 | 4 | ടി. | 12-8-97 |
| **എടപ്പിള്ളി ഡിവിഷൻ.** | | | | | | | |
| **I. എടപ്പിള്ളി:** | | | | | | | |
| 1. സെൻറു ജോർജ്ജ് V. P. സ്കൂൾ | ചുറുപാടു | 6 | 6 | 184 | 48 | 36 | ഉണ്ടു | 10-11-90 |
| 2. സെൻറു ജോർജ്ജ് സ്കൂൾ | ടി. | 1 | 1 | 54 | 19 | 21 | ഇല്ല | |
| **II. എറണാകുളം:** | | | | | | | |
| സെൻറു അഗസ്റ്റിൻസ് E. M. സ്കൂൾ | കോവിൽവട്ടം | 3 | 3 | 112 | 71 | | ഉണ്ടു | 6- 6-'21 |
| **III. ആലുവാ:** | | | | | | | |
| 1. സെൻറു മേരീസ് E. H. സ്കൂൾ | ആലുവാ | 14 | 20 | 394 | 157 | | ടി. | 15- 1-'09 |
| 2. സെൻറു ഡൊമിനിക്ക് സ്കൂൾ | ടി. | 1 | 1 | 65 | 45 | 20 | ഇല്ല | നവമ്പർ '19 |
| 3. സെൻറു മേരീസ് V. P. സ്കൂൾ | ടി. | 5 | 5 | 176 | 126 | | ഉണ്ടു | 15. 1-'09 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ ആണ്ട മാസം തീയതി. |
|---|---|---|---|---|---|---|---|---|
| IV. കിഴക്കമ്പലം: | | | | | | | | |
| 1. സെൻറു ആൻറണീസ് V. P. സ്കൂൾ | കിഴക്കമ്പലം | 3 | 5 | 108 | 34 | 63 | ഉണ്ട | നവമ്പർ '20 |
| 2. സെൻറു അഗസ്റ്റിൻസ് സ്കൂൾ | പഴങ്ങനാ | 1 | 1 | 44 | 32 | 9 | ഇല്ല | 15-10.'21 |
| 3. സെൻറു തോമസ് സ്കൂൾ | ഊരക്കാട | 1 | 1 | 22 | 7 | 5 | ഡി. | 1921 |
| 4. സെൻറു ജോസെഫ്സ് സ്കൂൾ | താമരച്ചാൻപുറം | 1 | 1 | 55 | 40 | 15 | ഡി. | 1921 |
| 5. സെൻറു മേരീസ് സ്കൂൾ | കിഴക്കമ്പലം | 1 | 1 | 16 | 2 | 6 | ഡി. | 1922 |
| V. ചുണങ്ങംവേലി: | | | | | | | | |
| സെൻറു ജോസെഫ്സ് സ്കൂൾ | കീഴ്മാട | 1 | 1 | 37 | 19 | 18 | ഡി. | 16-11-'22 |
| VI. പള്ളുരുത്തി: | | | | | | | | |
| 1. സെൻറു തോമസ് V. P. സ്കൂൾ | പള്ളുരുത്തി | 4 | 4 | 130 | 83 | 36 | ഉണ്ട | 15. 6'20 |
| 2. മനോഗുണമാതാവിൻെറ സ്കൂൾ | ഇടക്കൊച്ചി | 1 | 1 | 38 | 17 | 17 | ഇല്ല | 14- 7-'21 |
| VII. പുത്തമ്പള്ളി: | | | | | | | | |
| 1. സെൻറു ജോർജ്ജ് V. P. സ്കൂൾ | പുത്തമ്പള്ളി | 4 | 5 | 161 | 86 | 58 | ഉണ്ട | 9-10-'91 |
| 2. സെൻറു ജോസെഫ്സ് V. P. സ്കൂൾ | മണ്ണുരുത്തു | 2 | 2 | 63 | 23 | 22 | ഡി. | 19- 2-'95 |
| 3. ഹോളിഫാമിലി സ്കൂൾ | ഉളനാട | 1 | 1 | 30 | 18 | 7 | ഇല്ല | 12- 6-'94 |

## കാഞ്ഞൂരു് ഡിവിഷൻ.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **I. കാഞ്ഞൂരു്:** | | | | | | | | |
| 1. സെൻറു സെബസ്ത്യൻസ് E. M. സ്കൂൾ | കാഞ്ഞൂരു് | 4 | 6 | 122 | 58 | | ഉണ്ടു | 23-10-'92 |
| 2. സെൻറു സെബസ്ത്യൻസ് V. P. സ്കൂൾ | ടി. | 10 | 10 | 313 | 125 | 94 | ടി. | 14- 1-'89 |
| 3. സെൻറു ജോസെഫ്സ് V. P. സ്കൂൾ | ൩-ാം നമ്പ്ര് തെക്കുംഭാഗം | 4 | 4 | 117 | 34 | 23 | ടി. | 1-11-'93 |
| 4. ൨-ാം നമ്പ്ര് കിഴക്കുംഭാഗം സ്കൂൾ | ൨-ാം നമ്പ്ര് കിഴക്കുംഭാഗം | 1 | 1 | 22 | 6 | 3 | ഇല്ല | 10- 9-'97 |
| 5. ൪-ാം നമ്പ്ര് വടക്കുംഭാഗം സ്കൂൾ | ചെങ്ങൽ | 1 | 1 | 22 | 9 | 9 | ടി. | 15- 9-'97 |
| 6. ൪-ാം നമ്പ്ര് വടക്കുംഭാഗം സ്കൂൾ | ടി. | 1 | 1 | 16 | 6 | 6 | ടി. | 17- 9-'97 |
| 7. ക്ലളിക്കര സ്കൂൾ | ക്ലളിക്കര | 1 | 1 | 18 | 8 | 10 | ടി. | 6-10-'95 |
| **II. എടാട്ട്:** | | | | | | | | |
| **III. കറുപ്പമ്പടി:** | | | | | | | | |
| സെൻറു ലൂയിസ് സ്കൂൾ | മുടിക്കരായി | 1 | 1 | 34 | 19 | 9 | ടി. | 1907 |
| **IV. കൈപ്പട്ടൂർ:** | | | | | | | | |
| സെൻറു ജോസെഫ്സ് സ്കൂൾ | പൊതിയക്കര | 1 | 1 | 22 | 11 | 11 | ടി. | 1- 3-'21 |
| **V. കൊററമത്തി:** | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. സ്കൂൾ | നീലീശ്വരം | 4 | 4 | 120 | 48 | 19 | ഉണ്ടു | 20-11-'91 |
| 2. സെൻറു റോക്കോസ് സ്കൂൾ | ടി. | 1 | 1 | 28 | 15 | 11 | ഇല്ല | 16 10 '97 |
| 3. സെൻറു ആൻറണീസ് സ്കൂൾ | ടി. | 1 | 1 | 22 | 10 | 12 | ടി. | 17-10-'96 |
| **VI. ചേരാനല്ലൂർ:** | | | | | | | | |
| .1 സെൻറു തോമസ് V. P. സ്കൂൾ | ചേരാനല്ലൂർ | 2 | 2 | 71 | 40 | 21 | ഉണ്ടു | 14- 3-'95 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ | ആകെ കുട്ടികൾ. | ക. ആൺ കുട്ടികൾ. | ക. പെൺ കുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ ആണ്ട, മാസം, തീയതി. |
|---|---|---|---|---|---|---|---|---|
| 2. തോട്ടുവാ സാക്രട്ട്ഹാട്ട്സ് സ്കൂൾ | ചേരാനല്ലൂർ | 1 | 1 | 34 | 18 | 16 | ഇല്ല | 1-11-'97 |
| 3. കോടനാട്ട സെൻറ ഫ്രാൻസിസ്സേസ് സ്കൂൾ | ടി. | 1 | 1 | 56 | 29 | 27 | ടി. | 8- 3-'96 |
| 4. കൂടാലപ്പാട്ട സെൻറ മേറീസ് സ്കൂൾ | ടി. | 1 | 1 | 41 | 27 | 14 | ടി. | 1-11-'97 |
| 5. ചേരാനല്ലൂർ പടിഞ്ഞാറുഭാഗം സെൻറ ജോസെഫ്സ് സ്കൂൾ | ടി. | 1 | 1 | 39 | 27 | 12 | ടി. | 3- 2-'96 |
| VII. ചെവ്വര: | | | | | | | | |
| ശ്രു. ആഗസ്തീനോസ് V. P. സ്കൂൾ | എടനാട്ട | 3 | 4 | 93 | 39 | 33 | ഉണ്ട | 25-11-'95 |
| VIII. പുല്ലുവഴി: | | | | | | | | |
| IX. മലയാററൂർ: | | | | | | | | |
| 1. സെൻറ മേറീസ് V. P. സ്കൂൾ | മലയാററൂർ | 4 | 5 | 133 | 63 | 42 | ടി. | 6 11-'14 |
| 2. സെൻറ ജോസെഫ്സ് N. P. സ്കൂൾ | ടി. | 2 | 2 | 55 | 20 | 14 | ടി. | 1- 5-'95 |
| X. മററൂർ: | | | | | | | | |
| സെൻറ ആൻറണീസ് സ്കൂൾ | മററൂർ | 1 | 1 | 66 | 35 | 28 | ഇല്ല | മകരം 902 |
| XI. വല്ലത്തു്: | | | | | | | | |
| 1. വല്ലത്തു ചേലാമററം കര സ്കൂൾ | ചേലാമററം | 1 | 1 | 45 | 24 | 21 | ടി. | 1- 1-'95 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2. ഒക്കൽ കര സ്കൂൾ | ഒക്കൽ | 1 | 1 | 27 | 5 | 15 | ടി. | 1- 4 '95 |
| 3. വല്ലം V. P. സ്കൂൾ | വല്ലം | 2 | 2 | 65 | 43 | 14 | ഉണ്ട | 1.11-'91 |
| 4. ഒക്കൽ കര സ്കൂൾ | ഒക്കൽ | 1 | 1 | 11 | 5 | 2 | ഇല്ല | 1-11-'97 |
| 5. ടി. സ്കൂൾ | ടി. | 1 | 1 | 6 | 10 | 3 | ടി | 1.11-'97 |
| 6. കുവപ്പടി കര സ്കൂൾ | കുവപ്പടി | 1 | 1 | 25 | 10 | 3 | ടി. | 1- 5-'22 |
| 7. പെമ്പനാട്ടുപടി സ്കൂൾ | പെമ്പനാട്ടുപടി | 1 | 1 | 7 | 4 | 3 | ടി. | 1922 |
| **തൃപ്പൂണിത്തുറ ഡിവിഷൻ.** | | | | | | | | |
| I. തൃപ്പൂണിത്തുറ: | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. സ്കൂൾ | നടമേദേശം | 8 | 9 | 322 | 34 | 17 | ഉണ്ട | 16- 2-1070 |
| 2. സെൻറു ജെയ്ക്കബ്സ് സ്കൂൾ | വൈററില | 1 | 1 | 16 | 10 | 6 | ഇല്ല | 1- 8-1921 |
| II. ആമ്പല്ലൂർ: | | | | | | | | |
| സെൻറു ഫ്രാൻസീസ് V. P. സ്കൂൾ | ആമ്പല്ലൂർ | 5 | 5 | 144 | 64 | 43 | ഉണ്ട | 1893 |
| III. എടയ്ക്കാട്ടുവയൽ: | | | | | | | | |
| സെൻറു ജോസെഫ്സ് V. P. സ്കൂൾ | ചെത്തിക്കോട | 5 | 7 | 144 | 27 | 26 | ടി. | 29- 2-1095 |
| IV. ഉദിയംപേരൂർ പഴയ: | | | | | | | | |
| V. ഉദിയംപേരൂർ പുത്തൻ: | | | | | | | | |
| VI. കണ്ടനാട്: | | | | | | | | |
| VII. കീച്ചേരി: | | | | | | | | |
| സെൻറു ആൻറണീസ് പള്ളിസ്കൂൾ | മാമ്പുഴ | 1 | 1 | 43 | 25 | 17 | ഇല്ല | 9 11-1919 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ ആണ്ടു മാസം തീയ്യതി. |
|---|---|---|---|---|---|---|---|---|
| VIII. കമ്പളം: | | | | | | | | |
| സെൻറു മേരീസ് V. P. സ്കൂൾ | കമ്പളം | 7 | 7 | 201 | 48 | 3 | ഉണ്ടു | 7- 1-1088 |
| IX. കോന്തുരുത്തി: | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. സ്കൂൾ | കടവന്ത്ര | 2 | 2 | 68 | 21 | 19 | ടി. | 20- 5-1920 |
| 2. സെൻറു ജോൺസ് സ്കൂൾ | കോമന്തുരുത്തു | 1 | 1 | 43 | 12 | 23 | ഇല്ല | ജനുവരി 1872 |
| 3. സെൻറു മേരീസ് സ്കൂൾ | പെരുമാനൂർ | 1 | 1 | 50 | 18 | 17 | ടി. | മാർച്ച് 1911 |
| X. തെക്കൻ പറൂർ: | | | | | | | | |
| ഹോളിഫ്ഫാമിലി V. P. സ്കൂൾ | മണകുന്നം | 3 | 4 | 139 | 34 | 30 | ഉണ്ടു | 1- 1-'1071 |
| XI. പുതിയകാവു്: | | | | | | | | |
| 1. സെൻറു ഫ്രാൻസീസ് V. P. സ്കൂൾ | തെക്കംഭാഗം | 5 | 6 | 166 | 46 | 23 | ടി. | 1- 6-'86 |
| 2. സെൻറു തോമസ് സ്കൂൾ | ചാത്തമ്മ | 1 | 1 | 27 | 14 | 7 | ഇല്ല | 2- 3-'94 |
| പള്ളിപ്പുറം ഡിവിഷൻ. | | | | | | | | |
| I. പള്ളിപ്പുറം: | | | | | | | | |
| 1. സെൻറു മേരീസ് V. M. സ്കൂൾ | പള്ളിപ്പുറം | 9 | 10 | 290 | 64 | 33 | ഉണ്ടു | ആഗസ്റ്റ് 914 |
| 2. സെൻറു ആൻറണീസ് സ്കൂൾ | ടി. | 3 | 1 | 55 | 13 | 13 | ഇല്ല | മെയ് 921 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **II. എഴുപുന്ന:** | | | | | | | | |
| 1. സക്കാർ പ്രൈമറി സ്കൂൾ | അത്രൂർ | 4 | 4 | 189 | 60 | 14 | ഉണ്ട | 18- 5-'15 |
| 2. സെൻറു മേരീസ് സ്കൂൾ | ടി. | 1 | 1 | 30 | 9 | 6 | ഇല്ല | 7- 6-'12 |
| **III. ഒഴുവ:** | | | | | | | | |
| സെൻറു അന്നാസ് സ്കൂൾ | ഒഴുവ കിഴക്കംപെകുതി | 1 | 1 | 20 | 8 | 12 | ടി. | 1911 |
| **IV. കാവിൽ:** | | | | | | | | |
| 1. സെൻറു മിഖേൽസ് സ്കൂൾ | കാവിൽ | 2 | 1 | 64 | 26 | 23 | ടി. | 917 |
| 2. സെൻറു ആൻറണീസ് സ്കൂൾ | വളമംഗലം | 1 | 1 | 41 | 20 | 17 | ടി. | '920 |
| **V. കന്നംപുറം:** | | | | | | | | |
| സെൻറു ജോസെഫ്സ് സ്കൂൾ | ഒഴുവ | 1 | 1 | 57 | 21 | 26 | ടി. | 1892 |
| **VI. കോക്കമംഗലം:** | | | | | | | | |
| സെൻറു ആൻറണീസ് സ്കൂൾ | കോക്കമംഗലം | 1 | 1 | 49 | 26 | 23 | ടി. | 4- 2-'21 |
| **VII. ചാലിൽ:** | | | | | | | | |
| 1. സാക്രഡ് ഹാട്ട്സ് സ്കൂൾ | ശ്രീകണ്ഠമംഗലം | 1 | 1 | 26 | 9 | 15 | ടി. | 13- 3-'22 |
| 2. സെൻറു ആൻറണീസ് സ്കൂൾ | തണ്ണീർമുക്കം | 1 | 1 | 44 | 13 | 21 | ടി. | 9- 1-'22 |
| 3. സെൻറു ജോൺസ് സ്കൂൾ | കോക്കോതമംഗലം | 1 | 1 | 48 | 8 | 6 | ടി. | 11- 3-'22 |
| **VIII. തൈക്കാട്ടുശേരി:** | | | | | | | | |
| 1. ശ്രീമൂലം സിൽവർ ജൂബിലി E. M. സ്കൂൾ | തൈക്കാട്ടുശേരി | 4 | 7 | 137 | 33 | 3 | ഉണ്ട | 15-10-'87 |
| 2. തൈക്കാട്ടുശേരി സ്കൂൾ | ടി. | 1 | 1 | 27 | 11 | 16 | ഇല്ല | 1915 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കട്ടികൾ. | ക. ആൺ കട്ടികൾ. | ക. പെൺ കട്ടികൾ. | അംഗീകരണമുണ്ടോ? | സ്ക്കൂൾ തുടങ്ങിയ ആണ്ടു, മാസം തീയതി. |
|---|---|---|---|---|---|---|---|---|
| IX. പാണാപള്ളി: | | | | | | | | |
| മാർ അലോഷ്യസ് V. P. സ്കൂൾ | പാണാപള്ളി | 4 | 4 | 184 | 52 | 41 | ഉണ്ടു | 10-10-'96 |
| X. മുട്ടം: | | | | | | | | |
| 1. തിരുക്കുടുംബവിലാസം V. P. സ്കൂൾ | മുട്ടം | 7 | 7 | 227 | 148 | | ടി. | 10- 6-1039 |
| 2. സെൻറു മേരീസ് സ്കൂൾ | ടി. | 1 | 1 | 70 | 38 | 27 | ഇല്ല | ചിങ്ങം '92 |
| 3. സെൻറു ആൻറണീസ് സ്കൂൾ | ചാരമംഗലം | 2 | 1 | 42 | 26 | 14 | ടി. | 1-12-'95 |
| പറവൂർ ഡിവിഷൻ. | | | | | | | | |
| I. പറവൂർ: | | | | | | | | |
| 1. സെൻറു അലോഷ്യസ് E. M. ഗറൾസ് സ്കൂൾ | പറവൂത്തറ | 4 | 5 | 87 | | 39 | ഉണ്ടു | 25-10-'91 |
| 2. സെൻറു അലോഷ്യസ് V. P. ഗറൾസ് സ്കൂൾ | ടി. | 4 | 6 | 123 | | 73 | ടി. | 31-12-'91 |
| 3. സെൻറു പോൾസ് V. P. സ്കൂൾ | ടി. | 7 | 7 | 208 | 93 | 89 | ടി. | 12-11-'92 |
| 4. സെൻറു ജെർമാനസിഓൺ V. P. സ്കൂൾ | ടി. | 6 | 6 | 259 | 15 | 3 | ടി. | 8-10-'92 |
| 5. സെൻറു പീറേഴ്സ് E. M. സ്കൂൾ | വടക്കേക്കര | 4 | 6 | 120 | 25 | | ടി. | 5-10-'94 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| II. ആലങ്ങാട്: | | | | | | | | |
| 1. സെൻറു മേരീസ് V. P. സ്കൂൾ | തിരുവാല്ലൂർ | 3 | 3 | 110 | 42 | 49 | ടി | 9-10-'91 |
| 2. സെൻറു ജോസെഫ്സ് V. P. സ്കൂൾ | കരുമാല്ലൂർ | 1 | 1 | 40 | 17 | 13 | ടി. | 9-10-'97 |
| 3. സെൻറു സെബാസ്ത്യൻ സ്കൂൾ | തിരുവാല്ലൂർ | 1 | 1 | 16 | 7 | 3 | ഇല്ല | 5- 8-'22 |
| 4. സെൻറു ഇഗനേഷ്യസ് സ്കൂൾ | ടി. | 1 | 1 | 10 | 4 | 2 | ടി. | 15- 7-'22 |
| 5. സെൻറു ഇഗ്നേഷ്യസ് സ്കൂൾ | നീറിക്കോട്ട | 1 | 1 | 12 | 5 | 3 | ടി. | 1- 8-'22 |
| III. കടമക്കുടി: | | | | | | | | |
| IV. കുത്തിയതോട്ട പുത്തൻ: | | | | | | | | |
| വി. പോംപെമാതാവു് സ്കൂൾ | കുത്തിയതോട്ട | 2 | 2 | 60 | 30 | 28 | ടി. | 1- 7-'08 |
| V. കുററിപ്പുഴ: | | | | | | | | |
| സെൻറു സെബസ്ത്യൻ സ്കൂൾ | കുന്നുകര | 1 | 1 | 49 | 23 | 26 | ടി. | 1900 |
| VI. കുഴപ്പുള്ളി: | | | | | | | | |
| സെൻറു ഗ്രിഗോരി V. P. സ്കൂൾ | കുഴപ്പുള്ളി | 7 | 9 | 239 | 50 | 37 | ഉണ്ടു | 1-12-914 |
| VII. ചക്കരക്കടവു്: | | | | | | | | |
| സെൻറു ജോർജ്ജ് സ്കൂൾ | ചിറായി | 6 | 6 | 177 | 40 | 38 | ടി. | 25-10-'95 |
| VIII. ചേന്നമംഗലം: | | | | | | | | |
| സെൻറു മേരീസ് V. P. സ്കൂൾ | പാലാതുരുത്തി | 3 | 3 | 120 | 65 | 35 | ടി. | 920 |
| XI. ഞാറയ്ക്കൽ: | | | | | | | | |
| 1. സെൻറു മേരീസ് E. P. സ്കൂൾ | ഞാറയ്ക്കൽ | 12 | 17 | 417 | 160 | 62 | ടി. | 14-10-'93 |
| 2. സെൻറു അഗസ്റ്റിൻസ് സ്കൂൾ | ടി. | 1 | 1 | 30 | 12 | 8 | ഇല്ല | 1901 |

| സ്കൂളുകൾ. | കരം. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകാരമുണ്ടോ? | സ്കൂൾ തുടങ്ങിയ ആണ്ടു മാസം തീയ്യതി. |
|---|---|---|---|---|---|---|---|---|
| X. തുരുത്തിപ്പുറം: | | | | | | | | |
| 1. സെൻറു പീറററഴ്സ് E. M. സ്കൂൾ | തുരുത്തിപ്പുറം | 4 | 6 | 125 | 26 | | ഉണ്ടു | 21- 5-'19 |
| 2. ഇൻഫൻറ് ജീസസ് സ്കൂൾ | മടപ്ലാതുരുത്തു | 2 | 1 | 27 | 12 | 13 | ഇല്ല | 4- 2- 921 |
| XI. നെടുങ്ങാടു: | | | | | | | | |
| സേക്രഡ് ഫാമിലി V. P. സ്കൂൾ | നെടുങ്ങാടു | 4 | 5 | 135 | 24 | 21 | ഉണ്ടു | 1-11-'82 |
| മൈലക്കൊമ്പു ഡിവിഷൻ. | | | | | | | | |
| I. മൈലക്കൊമ്പു | | | | | | | | |
| 1. സെൻറു തോമസ് സ്കൂൾ | മൈലക്കൊമ്പു | 1 | 1 | 54 | 31 | 16 | ഇല്ല | 1898 |
| 2. ചിററൂർ കളരിസ്കൂൾ | മടക്കത്താനം | 1 | 1 | 32 | 21 | 8 | ടി. | 1920 |
| 3. പെരുമ്പള്ളിച്ചിറ കളരിസ്കൂൾ | പെരുമ്പള്ളിച്ചിറ | 1 | 1 | 37 | 20 | 11 | ടി. | 1918 |
| 4. കുറുമ്പലം കളരിസ്കൂൾ | മൈലക്കൊമ്പു | 1 | 1 | 28 | 17 | 7 | ടി. | 1922 |
| II. നടുവക്കാടു: | | | | | | | | |
| 1. സെൻറു ജോർജ്ജ് സ്കൂൾ | കടവൂർ | 3 | 1 | 87 | 48 | 24 | ടി. | 6- 8-'19 |
| 2. സെൻറു മേരീസ് സ്കൂൾ | പാനങ്കര | 2 | 1 | 38 | 22 | 11 | ടി. | 3- 8-'21 |

| | | | | | | | |
|---|---|---|---|---|---|---|---|
| III. കരിമണ്ണൂർ: | | | | | | | |
| 1. സെൻറു ആൻറണീസ് സ്കൂൾ | കരിമണ്ണൂർ | 1 | 1 | 20 | 9 | 6 | ഇല്ല | 13- 4-'22 |
| 2. സെൻറു മേരീസ് സ്കൂൾ | ടി. | 1 | 1 | 24 | 10 | 6 | ടി. | 11- 7-'20 |
| 3. സെൻറു ജോസെഫ്സ് സ്കൂൾ | ടി. | 1 | 1 | 30 | 13 | 11 | ടി. | 15- 5 '22 |
| IV. കലയന്താനി: | | | | | | | | |
| 1. സെൻറു ജൂഡീസ് സ്കൂൾ | ആലക്കോട്ട | 1 | 1 | 32 | 12 | 14 | ടി. | 25- 4-'21 |
| 2. ചിലവുകര സ്കൂൾ | ചിലവു | 1 | 1 | 22 | 9 | 6 | ടി. | 20- 1-'19 |
| 3. പള്ളി സ്കൂൾ | ഏളംദേശം | 1 | 1 | 28 | 15 | 4 | ടി. | 15- 8-'19 |
| V. കല്ലൂർ: | | | | | | | | |
| 1. സെൻറു ജോൺസ് സ്കൂൾ | കല്ലൂർ | 2 | 1 | 47 | 25 | 18 | ടി. | 24- 6-'21 |
| 2. സെൻറു മേരീസ് സ്കൂൾ | കളപ്രം | 2 | 1 | 35 | 19 | 13 | ടി. | 1- 8-'21 |
| 3. സെൻറു ജോസെഫ്സ് സ്കൂൾ | കോടികുളം | 2 | 1 | 52 | 26 | 9 | ടി. | 19- 3-'22 |
| 4. സെൻറു അഗസ്റ്റിൻസ് സ്കൂൾ | പേരകം | 2 | 1 | 38 | 21 | 9 | ടി. | 7- 7-'20 |
| 5. സെൻറു ജോർജ്ജ് സ്കൂൾ | കല്ലൂർ | 2 | 1 | 34 | 17 | 13 | ടി. | 3- 2-'16 |
| 6. സെൻറു സെബസ്ത്യൻസ് സ്കൂൾ | വെള്ളൂർ | 1 | 1 | 32 | 8 | 16 | ടി. | 5- 5-'22 |
| VI. കല്ലാനിക്കൽ: | | | | | | | | |
| സെൻറു ജോർജ്ജ് V. P. സ്കൂൾ | തെക്കുംഭാഗം | 2 | 2 | 52 | 29 | 19 | ഉണ്ടു | 1- 6-'22 |
| VII. കോടികുളം: | | | | | | | | |
| സാക്രററ് ഹാർട്ട്സ് സ്കൂൾ | കോടികുളം | 1 | 1 | 18 | 8 | 7 | ഇല്ല | 15- 8-'22 |
| VIII. തെനംകുന്നം: | | | | | | | | |
| സെൻറു മൈക്കിൾസ് സ്കൂൾ | തൊടുപുഴ | 2 | 1 | 50 | 20 | 15 | ടി. | |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺകുട്ടികൾ. | ക. പെൺകുട്ടികൾ. | അംഗീകരണമുണ്ടോ? | സ്കൂൾ തുടങ്ങിയ ആണ്ടു മാസം തീയതി. |
|---|---|---|---|---|---|---|---|---|
| IX. നാഗപ്പുഴ: | | | | | | | | |
| 1. സെൻറു മേരീസ് V. P. സ്കൂൾ | കുമാരമംഗലം | 2 | 2 | 69 | 36 | 21 | ഉണ്ടു | 5- 5- '21 |
| 2. സെൻറു ജോസെഫ്സ് സ്കൂൾ | ടി. | 1 | 1 | 50 | 31 | 12 | ഇല്ല | ആഗസ്റ്റ് 921 |
| 3. സെൻറു ആൻറണീസ് സ്കൂൾ | ടി. | 1 | 1 | 55 | 14 | 14 | ടി. | ജൂലായി '18 |
| 4. സെൻറു ജോർജ്ജ് സ്കൂൾ | ടി. | 1 | 1 | 30 | 10 | 19 | ടി. | മാർച്ച് '20 |
| X. നെയ്യിശ്ശേരി: | | | | | | | | |
| 1. സെൻറു മേരീസ് സ്കൂൾ | നെയ്യിശ്ശേരി | 1 | 1 | 50 | 21 | 18 | ടി. | 25- 1-'16 |
| 2. സെൻറു ആൻറണീസ് സ്കൂൾ | കിഴക്കെനെയ്യിശ്ശേരി | 1 | 1 | 35 | 11 | 7 | ടി. | 3- 4-'21 |
| 3. സെൻറു തോമസ് സ്കൂൾ | ആനിക്കുഴ | 1 | 1 | 40 | 20 | 15 | ടി. | 12- 6-'22 |
| XI. മുതലക്കോടം: | | | | | | | | |
| 1. സെൻറു ജോർജ്ജ് ഏഴുമുട്ടം സ്കൂൾ | കാരിക്കോട്ട | 2 | 1 | 49 | 19 | 10 | ടി. | വൃശ്ചികം '920 |
| 2. സെൻറുജോസഫ്സ് പണ്ടമററംസ്കൂൾ | കരിമണ്ണൂത് | 2 | 1 | 56 | 16 | 15 | ടി. | മീനം '922 |
| **വൈക്കം ഡിവിഷൻ.** | | | | | | | | |
| I. വൈക്കം: | | | | | | | | |
| 1. സെൻറു ലൂയീസ് V. P. സ്കൂൾ | പള്ളിപ്പുറത്തുശ്ശേരി | 7 | 7 | 234 | 124 | | ഉണ്ടു | 1-12-'79 |
| 2. സെൻറു മേരീസ് സ്കൂൾ | മൂത്തേടത്തുകാവു് | 1 | 1 | 28 | 14 | 5 | ഇല്ല | 1- 6-'97 |

| | | | | | | | |
|---|---|---|---|---|---|---|---|
| II. കുലശേഖരമംഗലം: | | | | | | | |
| സെൻറു ജോസഫ്സ് സ്കൂൾ | കുലശേഖരമംഗലം | 1 | 1 | 28 | 17 | 11 | ടി. | 3- 7-'21 |
| III. കുടവെച്ചൂർ: | | | | | | | |
| 1. മാർ മിഖേൽസ് V. P സ്കൂൾ | കുടവെച്ചൂർ | 6 | 6 | 227 | 52 | 27 | ഉണ്ടു | 1900 |
| 2. സെൻറു തോമസ് സ്കൂൾ | തണ്ണീർമുക്കം | 2 | 1 | 111 | 65 | 46 | ഇല്ല | 4- 3-'22 |
| 3. സെൻറു മേരീസ് സ്കൂൾ | ഇടയാഴം | 2 | 1 | 52 | 19 | 23 | ടി. | 17-10-'19 |
| 4. സെൻറു മേരീസ് സ്കൂൾ | വെച്ചൂർ | 2 | 1 | 37 | 15 | 1 | ടി. | 20- 5-'19 |
| IV. കൊതവറ: | | | | | | | |
| സെൻറു ഫ്രാൻസീസ് സേവിയേഴ്സ് സ്കൂൾ | തലയാളം | 2 | 2 | 59 | 34 | 22 | ടി. | 9-10-'97 |
| V. ചെമ്പിൽ: | | | | | | | |
| സെൻറു തോമസ് V. P. സ്കൂൾ | ചെമ്പ് | 3 | 3 | 121 | 20 | 25 | ഉണ്ടു | 12- 7-'96 |
| VI. തോട്ടകം: | | | | | | | |
| 1. പടന്നക്കേരി സ്കൂൾ | തോട്ടകം | 1 | 1 | 40 | 1 | 1 | ഇല്ല | 1920 |
| 2. പടിഞ്ഞാറേടം സ്കൂൾ | ടി. | 1 | 1 | 18 | | 1 | ടി. | 1921 |
| VII. വടയാർ: | | | | | | | |
| സെൻറു ലൂയീസ് V. P. സ്കൂൾ | വടയാർ | 4 | 4 | 159 | 35 | 22 | ഉണ്ടു | മീനം '907 |
| VIII. വല്ലകം: | | | | | | | |
| സെൻറു മേരീസ് V. P. സ്കൂൾ | വല്ലകം | 3 | 3 | 112 | 40 | 25 | ടി. | 9-10-'91 |
| IX. ഓർശ്ലേം: | | | | | | | |
| സെൻറു മേരീസ് V. P. സ്കൂൾ | കുലശേഖരമംഗലം | 1 | 1 | 46 | 13 | 6 | ടി. | 22- 5-'22 |

| സ്കൂളുകൾ. | കര. | ക്ലാസുകൾ. | അദ്ധ്യാപകർ. | ആകെ കുട്ടികൾ. | ക. ആൺ കുട്ടികൾ. | ക. പെൺ കുട്ടികൾ. | അംഗീകരണമുണ്ടോ? | സ്ക്കൂൾ തുടങ്ങിയ ആണ്ടു, മാസം തീയതി. |
|---|---|---|---|---|---|---|---|---|
| കൊവേന്തകൾ. | | | | | | | | |
| I. വാഴക്കുളം: | | | | | | | | |
| ഇൻഫൻറ്റ ജീസസ് E. M. സ്കൂൾ | കുമാരമംഗലം | 3 | 5 | 100 | 96 | | ഉണ്ടു | 12-10-1891 |
| II. തേവര: | | | | | | | | |
| സേക്രട്ട് ഹാർട്ട്സ് V. P. സ്കൂൾ | ചങ്ങനാട്ട് | 5 | 6 | 170 | 92 | 56 | ടി. | 1883 |
| കന്യാസ്ത്രീമഠങ്ങൾ. | | | | | | | | |
| I. കൂനമ്മാവ്: | | | | | | | | |
| സെൻറ ജോസഫ്സ് V. P. ഗാൾസ് സ്കൂൾ | വള്ളുള്ളി | 4 | 6 | 130 | 2 | 115 | ടി. | 23-11-'95 |
| II. ആരക്കുഴ: | | | | | | | | |
| സെൻറ ജോസഫ്സ് V. M. ഗേൾസ് സ്കൂൾ | ആരക്കുഴ | 7 | 10 | 172 | | 156 | ടി. | 21- 1-'91 |
| III. വൈക്കം: | | | | | | | | |
| സെൻറ ജോസഫ്സ് V. M. ഗേൾസ് സ്കൂൾ | വൈക്കം | 11 | 15 | 296 | | 206 | ടി. | 10- 4-1892 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **IV. കറുകററി:** | | | | | | | | |
| 1. സെൻറു ജോസെഫ്സ് V. P. ഗാൾസ് സ്കൂൾ | കറുകററി | 5 | 7 | 137 | 23 | 105 | ഉണ്ട | 1- 6-'1083 |
| 2. സെൻറു ജോസെഫ്സ് E. M. ഗറൾസ് സ്കൂൾ | ടി. | 2 | 4 | 41 | | 40 | ടി. | 10-10-'96 |
| **V. വെങ്ങൽ:** | | | | | | | | |
| 1. സെൻറു ജോസെഫ്സ് L. S. ഗാൾസ് സ്കൂൾ | വെള്ളാരപ്പിള്ളി | 5 | 6 | 86 | 3 | 58 | ടി. | 21. 5-'15 |
| 2. സെൻറു ജോസെഫ്സ് V. P. സ്കൂൾ | ടി. | 6 | 7 | 160 | 53 | 72 | ടി. | 10-10-'11 |
| **VI. എറണാകുളം:** | | | | | | | | |
| സെൻറു മേരീസ് സിരിയൻ കോൺവെൻറു ഗറൾസ് E. M. സ്കൂൾ | കോവിൽവട്ടം | 5 | 6 | 132 | 1 | 120 | ടി. | 7- 6-'20 |
| **VII. മട്ടം:** | | | | | | | | |
| തിരുക്കുഡുംബവിലാസം V. P. ഗറൾസ് സ്കൂൾ | മട്ടം | 6 | 9 | 169 | | 133 | ടി. | മകരം 1089 |
| **VIII. കോതമംഗലം:** | | | | | | | | |

൧൯൨൨-ാമാണ്ടിൽ എറണാകുളം വികാരിയാത്തിൽ

| | | | |
|---|---|---|---|
| ആകെ സ്കൂളുകൾ | ൨൩൬ | കൊച്ചിയിൽ ൪൬ | തിരുവിതാംകൂറിൽ ൧൯൦ |
| " ക്ലാസുകൾ | ൫൭൮ | കൊച്ചിയിൽ ൧൬൮ | തിരുവിതാംകൂറിൽ ൪൧൦ |
| " അദ്ധ്യാപകർ | ൬൨൬ | കൊച്ചിയിൽ ൧൯൨ | തിരുവിതാംകൂറിൽ ൪൩൪ |
| " കുട്ടികൾ | ൧൮൬൭൦ | കൊച്ചിയിൽ ൫൨൨൮ | തിരുവിതാംകൂറിൽ ൧൩൩൭ |
| ക. ആൺ കുട്ടികൾ | ൭൪൦൧ | കൊച്ചിയിൽ ൧൯൨൭ | തിരുവിതാംകൂറിൽ ൫൪൭൪ |
| " പെൺ " | ൫൩൬൫ | കൊച്ചിയിൽ ൧൩൩൯ | തിരുവിതാംകൂറിൽ ൪൦൨൬ |

കൊച്ചിയിൽ അംഗീകരണമുള്ള സ്കൂളുകൾ ൨൯.

| | | | |
|---|---|---|---|
| English L. S. Schools | for boys 1 | കുട്ടികൾ | ൧൨൨ |
| | for girls 2 | " | ൨൧൮ |
| English Primary Schools | 2 | " | ൫൨൯ |
| Vernacular Primary Schools | 24 | " | ൩൮൭ |

തിരുവിതാംകൂറിൽ അംഗീകരണമുള്ള സ്കൂളുകൾ ൫൭.

| | | | |
|---|---|---|---|
| English High School | 1 | കുട്ടികൾ | ൩൯൪ |
| English M. Schools | for boys 4 | " | ൪൪൪ |
| | for girls 2 | " | ൧൨൮ |
| Vernacular M. Schools | for boys 2 | " | ൪൮൭ |
| | for girls 2 | " | ൪൬൮ |
| Vernacular Primary Schools | 46 | " | ൬൫൨൨ |

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.